24/06/2020




**ടീച്ചർക്ക് മക്കൾ വരച്ച വീടൊക്കെ ഒത്തിരി  ഇഷ്ടായി..**

**എല്ലാവരും നന്നായി വീട് വരച്ച് നിറം നൽകി .അതുമാത്രം അല്ലല്ലോ പാട്ടുംപാടി തന്നല്ലോ, എല്ലാവരും ടീച്ചറുടെ നല്ല മക്കളാണല്ലേ.....**

**ഇന്നലത്തെ ക്ലാസ്സ് കണ്ടിരുന്നോ?**
**ഒന്നുകൂടി കാണണോ?**
**എങ്കിലേ താഴെക്കാണുന്ന ചിത്രത്തിൽ ഒന്നുതൊട്ടു നോക്കിയേ.**



നമ്മൾ താരയെ പരിചയപ്പെട്ടു അല്ലേ.... .

താരയുടെ വീട് കണ്ടു.

താരയുടെ വീട്ടുകാരെ കണ്ടു.

താരയ്ക്ക് ഒരു കൂട്ടുകാരി ഉണ്ടായിരുന്നല്ലോ ആരായിരുന്നു അത്?




## താരയുടെ കുഞ്ഞിക്കോഴി

താരയുടെ കുഞ്ഞിക്കോഴിയേ ഇഷ്ടമായില്ലേ .....

നമുക്ക് കുഞ്ഞിക്കോഴിയെ വരച്ച നോക്കിയാലോ?

വരച്ചാ മാത്രം പോരാ കുഞ്ഞിക്കോഴിയെ നിറം

നൽകി സുന്ദരിയാക്കണം.

ടീച്ചർക്ക് അയക്കാൻ മറക്കല്ലേ .....

**കുഞ്ഞിക്കോഴിയേ വരയ്ക്കാം**



താരയുടെ കുഞ്ഞിക്കോഴി രാവിലെ എഴുന്നേറ്റ് താരയെ കാത്തിരിക്കയാ ...

താരയേ  കാണാതെ സങ്കടപ്പെട്ട് ഇരിക്കുമ്പോഴാണ് താര വരുന്നത് കണ്ടത് കുഞ്ഞിക്കോഴിക്ക് സന്തോഷമായി

ഹായ് താര

താര വന്നു

കൂട് തുറന്നു

കുഞ്ഞിക്കോഴി പുറത്തുവന്നു

താര അരി വിതറി

കുഞ്ഞിക്കോഴി അരി തിന്നു

താര നോക്കിനിന്നു



ഇനി ഇതൊന്ന് നമുക്ക് അമ്മയുടെ സഹായത്തോടെ ഉറക്കെ വായിച്ചാലോ



താര



താര വന്നു



കൂട് തുറന്നു



അരി വിതറി

മക്കളെല്ലാവരും വായിച്ച് ടീച്ചർക്ക്
ഒരു ഓഡിയോ ക്ലിപ്പ് അയച്ചു
തരണേ..